# "നമ്മുടെ ദൈവത്തിനു സാദ്ധ്യമാണ്"

വൈദ്യുത സ്പന്ദന ലോകത്തിലാണ് നാം ജീവിക്കുന്നത്.

ഞാനും എന്റെ കുടുംബവും ടെക്സാസിലെ, ക്ലെബണിൽ താമസിച്ചിരുന്നപ്പോൾ, അവിടെയുള്ള ഇടവകയിലെ അസംഖ്യം അംഗങ്ങൾ ഗ്ലെൻ റോസിലുള്ള കോമണ്ഡ പീക്ക് പ്ലാന്റിൽ ജോലി ചെയ്യുന്നവരായിരുന്നു. അത്തരം ഒരു പവർ പ്ലാന്റിന്റെ വൈദ്യുത ശക്തി അവിശ്വസനീയമാണ്. ഒരു ഗ്രാം യുറേനിയം അണുസ്ഫോടനത്തിനു വിധേയമാക്കുമ്പോൾ, അതു ഇരുപതു ടൺ വെടി മരുന്നിനു തുല്യമായ ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നു എന്നാണ് എന്നോട് പറഞ്ഞത്. ഒരു ഗ്രാം എന്നതു എത്ര വലിപ്പം ഉണ്ടാകും എന്നു നിങ്ങൾക്കു അറിയില്ലെങ്കിൽ, ഞാൻ എന്റെ കയ്യിൽ ഒരു ജന്മദിനമെഴുകുതിരി പിടിച്ചിരിക്കുന്നതു സങ്കല്പിക്കുക. ആ മെഴുകുതിരി ഏതാണ്ട് ഒരു ഗ്രാം വരും. അതു കത്തിച്ചാൽ, കഷ്ടിച്ച് ഒരു കപ്പ് കാപ്പി ചൂടാക്കാൻ കഴിയും - പക്ഷെ അതിനുപകരം ഒരു ഗ്രാം യുറേനിയം ന്യൂക്ലിയർ പ്ലാന്റിൽ ആണെങ്കിൽ, അതിനു ഇരുപതു ടൺ ടി.എൻ.ടി വൈദ്യുതി ഉൽപ്പാദിപ്പിക്കാം. എങ്ങനെയായാലും, എനിക്ക് ആ ചിത്രീകരണത്തെ അല്പം മികച്ചതാക്കാം: ആൽബർട്ട് എയിൻസ്റ്റീന്റെ സമീകരണ പ്രകാരം ഇ=എംസി[1], ആ ചെറിയ മെഴുകുതിരിയോളം വരുന്നതു മുഴുവൻ ഊർജ്ജമാക്കിയാൽ, ആ പ്രദേശത്തേക്കു ഒരു ദിവസം മുഴുവൻ ആവശ്യമായ വൈദ്യുതി ലഭിക്കും!

അതെ, ഈ ലോകം വൈദ്യുത സ്പന്ദനത്തിലാണ്. ഈ വൈദ്യുതി യാദൃശ്ചികമായി ഉണ്ടായതല്ല. അതിനു ഒരു ഉറവിടം ഉണ്ട്, അതു ദൈവമാണ് - സർവ്വശക്തനായ ദൈവം, എല്ലാ - ശക്തിയുമുള്ള ദൈവം.

ശക്തിയുള്ള ദൈവം തന്റെ മക്കളെ എല്ലായ്പ്പോഴും ആശ്വസിപ്പിക്കുന്നുണ്ട് എന്നതാണ് വസ്തുത. ശദ്രക്, മേശക്, അബേദ് - നെഗോ എന്നിവർക്കു ഭീഷണി നേരിട്ടപ്പോൾ, അവർ പറഞ്ഞു, "ഞങ്ങൾ സ്നേഹിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ വിടുവിക്കും ..." (ദാനിയേൽ 3:17). അവരുടെ മറുപടി നമ്മുടെ സന്ദർഭം വ്യക്തമാക്കുന്നതാണ്: "നമ്മുടെ ദൈവത്തിനു ... കഴിയും." അവർ ആരാധിച്ചിരുന്നത് ശക്തനായ ഒരു ദൈവത്തെ ആയിരുന്നു എന്ന് അവർ വിശ്വസിച്ചിരുന്നു!

ഒരിക്കൽ ഞാൻ ഒരു മിഷൻ സംഘവുമായി ചേർന്നു ആസ്ട്രേലിയയിൽ പ്രവർത്തിച്ചിരുന്ന സമയത്ത്, ഞാൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുവാൻ എനിക്കു കഴിവുണ്ടോ എന്നു ഞാൻ സംശയിച്ചിരുന്നു. ആ ഒരു അവസ്ഥയിൽ, “ദൈവത്തിനു കഴിയും” എന്ന പ്രയോഗത്തിൽ ഞാൻ ഉടക്കി. ഞാൻ ബൈബിൾ വായിച്ചപ്പോൾ കണ്ടതാണോ അതോ മറ്റാരെങ്കിലും അതു ചൂണ്ടിക്കാണിച്ചു തന്നതാണോ എന്നെനിക്ക് ഓർമ്മയില്ല, എന്നാൽ ദൈവവചനം നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നതു എങ്ങനെ എന്നു പുതുതായി ഞാനന്നു പഠിച്ചു. ഒരാളുടെ സ്വന്തകഴിവല്ല, *ദൈവത്തിന്റെ* കഴിവാണ് പ്രധാനം.

നാം ദൈവത്തിന്റെ *കഴിവിനെക്കുറിച്ചു* സംസാരിക്കുമ്പോൾ, ദൈവത്തിന്റെ *ശക്തിയെ*ക്കുറിച്ചാണ് സംസാരിക്കുന്നത്. പുതിയ വേദഭാഗത്ത്, “ശക്തി” എന്ന വാക്കിൽ നിന്നാണ് ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന “കഴിവ്” എന്ന വാക്ക് വന്നിരിക്കുന്നത്. ദൈവത്തിന്റെ സർവ്വശക്തിയെ പ്രതിപാദിച്ചിരിക്കുന്ന വേദഭാഗങ്ങൾ ദൈവം ശക്തനാണ് എന്നു ഊന്നിപ്പറയാം, പക്ഷെ ആ സമീപനം അല്ല ഈ പാഠത്തിൽ നാം ശ്രദ്ധിക്കുന്നത്. “നമ്മുടെ ദൈവത്തിന് കഴിയും” എന്ന പ്രയോഗമാണ്. ആ പ്രയോഗം കാണുന്ന എല്ലാ വേദഭാഗങ്ങളും നാം പരിശോധിക്കുവാൻ ശ്രമിക്കും.[2] ഈ വേദഭാഗത്തിലെ സുശക്തഫലം എന്തായാലും “ദൈവത്തിനു കഴിയും” എന്ന വാക്കുകളിൽ നമുക്കു കണ്ടെത്താം.

**ഭൂതകാലത്ത് ദൈവത്തിനു കഴിഞ്ഞിരുന്നു**

ദൈവത്തിനു കഴിയുമെന്നു ദൈവജനം എല്ലായ്പ്പോഴും വിശ്വസിച്ചിരുന്നു. ബിംബത്തെ വീണു എല്ലാവരും നമസ്ക്കരിക്കണമെന്ന് ബാബേൽ രാജാവ് ഒരു കല്പന പുറപ്പെടുവിച്ചു. ആ 3 എബ്രായ യുവാക്കൾ - ശദ്രക്, മേശക്, അബേദ് - നെഗോ - അതു നിരസിച്ചു. അവരെ രാജാവിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ, ആ കല്പന ലംഘിച്ചാൽ അനന്തരഫലം എന്താണെന്ന് അവരെ അവൻ ഓർമ്മിപ്പിച്ചു: “നമസ്ക്കരിക്കാതെയിരുന്നാലോ, ഈ നാഴികയിൽ തന്നെ നിങ്ങളെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയും; നിങ്ങളെ എന്റെ കയ്യിൽ നിന്നു വിടുവിക്കാവുന്ന ദേവൻ ആർ?” (വാക്യം 15). അതിന്നു ആ യുവാക്കൾ മറുപടി നല്കി:

> നെബൂഖദ്നേസരേ, ഈ കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല. *ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ*, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും; രാജാവിന്റെ കയ്യിൽ നിന്നും, വിടുവിക്കും (വാക്യങ്ങൾ 16, 17; ഊന്നൽ എന്റേത്).

മറ്റൊരു ഉദാഹരണം ദൈവം അബ്രഹാമിനോട് തന്റെ മകൻ ഇസഹാക്കിനെ യാഗം കഴിക്കുവാൻ കല്പിക്കുന്നതാണ് (ഉല്പത്തി 22). അബ്രഹാമിന്റെ വിശ്വാസത്തിൽ നാം വിസ്മയം കൂറാറുണ്ട്. അബ്രഹാമിനു എങ്ങനെ ദൈവത്തെ അനുസരിക്കാൻ കഴിഞ്ഞു?[3] എങ്ങനെ എന്ന് എബ്രായലേഖകൻ പറയുന്നു: “വിശ്വാസത്താൽ അബ്രഹാം, താൻ പ

രീക്ഷിക്കപ്പെട്ടപ്പോൾ, യിസഹാക്കിനെ യാഗം അർപ്പിച്ചു; ... മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കാൻ *ദൈവം ശക്തൻ* എന്നു എണ്ണുകയും ചെയ്തു" (എബ്രായർ 11:17-19; ഊന്നൽ എന്റേത്). എന്തും ചെയ് വാൻ കഴിവുള്ള ദൈവത്തിലായിരുന്നു അബ്രഹാം വിശ്വസിച്ചിരുന്നത്!

ഇസഹാക്കിന്റെയും ഹെസെക്കിയാവിന്റെയും കാലത്ത്, ഒരു അന്യദേവനിൽ വിശ്വസിച്ചിരുന്ന ഒരാൾ യഹോവയുടെ ശക്തിയിൽ സംശയിച്ചു അശൂര്യ രാജാവായിരുന്ന, സാൻഹേരിബ്, വടക്കേ സാമ്രാജ്യമെല്ലാം തൂത്തുവാരി, തന്റെ മുമ്പിലുണ്ടായിരുന്ന എല്ലാം നശിപ്പിച്ചു. ഇപ്പോൾ അവൻ യെരുശലേമിന്റെ പടി വാതിൽക്കൽ എത്തി - യെരുശലേമിലെ ജനത്തോട് ഈ പരിഹാസ്യ സന്ദേശം അറിയിച്ചു:

> ഞാനും എന്റെ പിതാക്കന്മാരും അതാതു ദേശങ്ങളിലെ സകല ജാതികളോടം എന്തു ചെയ്തു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആ ദേശങ്ങളിലെ ജാതികളുടെ ദേവന്മാർക്കു തങ്ങളുടെ ദേശങ്ങളെ എന്റെ കയ്യിൽ നിന്നു വിടുവിപ്പാൻ കഴിഞ്ഞുവോ? ... എന്റെ പിതാക്കന്മാർ നിർമ്മൂല നാശം വരുത്തിയിരിക്കുന്ന ജാതിയുടെ സകല ദേവന്മാരിലും വെച്ചു ഒരുവന്നും തന്റെ ജനത്തെ എന്റെ കയ്യിൽ നിന്നു വിടുവിക്കാൻ കഴിയാതിരിക്കെ നിങ്ങളുടെ ദൈവത്തിനു നിങ്ങളെ എന്റെ കയ്യിൽ നിന്നു വിടുവിപ്പാൻ കഴിയുമോ? (2 ദിനവൃത്താന്തം 32:13-15; ഊന്നൽ എന്റേത്).

സൻഹേരിബ് പറഞ്ഞതു ശരിയായോ? ദൈവത്തിനു തന്റെ ജനത്തെ വിടുവിപ്പാൻ കഴിഞ്ഞില്ലേ? 21-ാം വാക്യം ശ്രദ്ധിക്കുക:

> അപ്പോൾ യഹോവ ഒരു ദൂതനെ അയച്ചു, അവൻ അശ്ശൂർ രാജാവിന്റെ പാളയത്തിലെ സകല പരാക്രമശാലികളെയും പ്രഭുക്കന്മാരെയും സേനാപതികളെയും സംഗ്രഹിച്ചു, അതുകൊണ്ട് അവൻ ലജ്ജാമുഖത്തോടെ സ്വദേശത്തേക്കു മടങ്ങിപ്പോകേണ്ടി വന്നു. അവൻ തന്റെ ദേവന്റെ ക്ഷേത്രത്തിൽ ചെന്നപ്പോൾ, അവന്റെ ഉദരത്തിൽ നിന്നു ഉത്ഭവിച്ചവർ അവനെ അവിടെ വെച്ചു വാൾകൊണ്ടു കൊന്നുകളഞ്ഞു.

സൻഹേരിബ് ദൈവത്തിന്റെ കഠിനമായ വഴികളെ പഠിക്കേണ്ടിയിരുന്നു!

### ദൈവത്തിന്നു ഇന്നും കഴിയും

ഇനി നമുക്ക് ഈ ആവേശകരമായ സത്യത്തിലേക്കു കടക്കാം: ഭൂതകാലത്തിൽ മാത്രമല്ല കഴിവുണ്ടായിരുന്നതു, എന്നാൽ ഇന്നും ദൈവത്തിനു കഴിയും.

അബ്രഹാം തങ്ങളുടെ പിതാവായതുകൊണ്ട് ചില യെഹൂദന്മാർ പ്രത്യേക പെരുമാറ്റത്തിനു അർഹരാണെന്നു വിചാരിച്ചപ്പോൾ യേശു അവരെ ശാസിച്ചുകൊണ്ടു പറഞ്ഞു, "'അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടു ഉണ്ട്' എന്നു, ഉള്ളം കൊണ്ടു പറവാൻ തുനിയരുത്; ഈ കല്ലു

കളിൽ നിന്നു അബ്രഹാമിനു മക്കളെ ഉളവാക്കുവാൻ *ദൈവത്തിനു കഴിയും* എന്നു, ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 3:9; ഊന്നൽ എന്റേത്; 3:8 കൂടെ നോക്കുക). പഴയ നിയമത്തിൽ ദൈവത്തിനു കഴിയുമായിരുന്നു, ഇപ്പോഴും കഴിയും!

ജീവിതത്തെ ക്രിയാത്മകമായി നോക്കി കാണുന്നതു കാരണം ഒരു പഴയ വയലിൻ അധ്യാപകനെ സന്ദർശിക്കുവാൻ ലേഖകൻ ലോയിഡ്. സി.ഡഗ്ളസ് ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ, അദ്ദേഹം ആ പഴയ അദ്ധ്യാപകനോടു ചോദിച്ചു, "ഇന്നു പുതിയ വിശേഷം എന്താണ്?" അദ്ധ്യാപകൻ രീതി കൊടുക്കുന്ന ഫോർക്കിൽ ഒന്നു തട്ടി, അതു വ്യക്തമായ ഒരു രാഗം നല്കി. "ഇത് സന്തോഷകരമായ വാർത്തയാണ്," അദ്ദേഹം പറഞ്ഞു. "അതാണ് സംഗീതരാഗമായ 'എ.' അതായിരുന്നു 'എ' ഇന്നലെ. ഇതാണ് ഇന്നത്തെ 'എ.' ഒരായിരം വർഷങ്ങൾക്കുശേഷവും അതായിരിക്കും 'എ.'" നമ്മുടെ പാഠത്തിന്റെ സവിശേഷത ദൈവത്തിനു ഇന്നലെ കഴിയുമായിരുന്നു, അവന്നു ഇന്നു കഴിയും, പതിനായിരം വർഷങ്ങൾക്കു ശേഷവും അവനു കഴിയും!

പുതിയ നിയമ വേദഭാഗങ്ങളിൽ "കഴിയുക" എന്നതു തർജ്ജിമ ചെയ്തിരിക്കുന്നവയിൽ നാം പരിഗണിക്കുന്നത് *ഡുനാമിസ്* എന്നതിന്റെ വിവിധ രൂപങ്ങളാണ്, അതിൽ നിന്നാണ് നമുക്ക് "ഡൈനമൈറ്റ്," "ഡൈനാമിറ്റ്," മുതലായ വാക്കുകൾ കിട്ടുന്നത്. ചില തർജ്ജിമകളിൽ "കഴിയും" എന്നതിനു പകരം "ശക്തിയുണ്ട്" എന്നാണ്, രണ്ടും ഒരേ ചിന്തയാണ്. നമ്മുടെ ദൈവം ശക്തിയുള്ള ദൈവമാണ്!

ധാരാളം കാര്യങ്ങൾ ചെയ്യുവാൻ ദൈവത്തിനു കഴിയും എന്നു പുതിയ നിയമം പറയുന്നു. അവയിൽ പലതും ഞാൻ ഒന്നു സ്പർശിക്കട്ടെ. നിങ്ങൾ ഈ വേദഭാഗങ്ങൾ വീണ്ടും വീണ്ടും വായിക്കുകയും – അവയിൽ വിസ്മയം കൊള്ളുകയും ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

### രക്ഷിക്കുവാനുള്ള ദൈവത്തിന്റെ കഴിവ്

നാം സ്നേഹിക്കാതിരുന്നപ്പോൾ ദൈവത്തിനു നമ്മെ സ്നേഹിക്കാൻ കഴിഞ്ഞു. അവന്നു തന്റെ പുത്രനെ അയക്കാൻ കഴിഞ്ഞു ഇപ്പോൾ അവനു പാപങ്ങൾ ക്ഷമിക്കാൻ കഴിയുന്നു. ഇതാണ് *കൃപ* എന്നു പറയുന്നത് – അതു ദൈവത്തിന്റെ *രക്ഷിക്കുവാനുള്ള* കഴിവിനെ പ്രഖ്യാപിക്കുന്നു. എഫെസ്യ മൂപ്പന്മാരോടു പൗലൊസ് പറഞ്ഞു, "നിങ്ങൾക്കു ആത്മിക വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും, *കഴിയുന്ന* ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു" (പ്രവൃത്തികൾ 20:32; ഊന്നൽ എന്റേത്).

ഈ സത്യം എത്ര വിലപ്പെട്ടതാണെന്നു തിരിച്ചറിയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നമ്മിൽ രക്ഷപ്പെടുവാൻ, നമ്മുടേതായ ഒരു കഴിവുമില്ല. ദൈവത്തിനു കഴിയുമായിരുന്നില്ലെങ്കിൽ, നാം പ്രത്യാശയില്ലാത്തവരായിത്തീർന്നേനെ. എങ്ങനെയായാലും, കർത്താവു താൻ "[അവൻ] മുഖാന്തരം [യേശു] ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ

പൂർണ്ണമായി രക്ഷിപ്പാൻ അവൻ *പ്രാപ്തരാക്കുന്നു*" (എബ്രായർ 7:25; ഊന്നൽ എന്റേത്)!

**ജീവിതത്തിലെ വെല്ലുവിളികൾ നേരിടുവാൻ നമ്മെ സഹായിക്കുവാൻ ദൈവത്തിന്റെ കഴിവ്**

നാം ക്രിസ്ത്യാനികളായിത്തീർന്ന ശേഷം, നമുക്കു ചുറ്റും ലോകം ഉണ്ട്, ചില സമയത്ത് ക്രിസ്തീയ ജീവിതം പ്രയാസമായിത്തീരുന്നു. റോമർ 7 നഗ്നമായ സത്യം വെളിപ്പെടുത്തുന്നു: ഒരു മനുഷ്യനും തന്റെ സ്വന്ത വിഭവങ്ങൾ വെച്ചുകൊണ്ട് ക്രിസ്തീയ ജീവിതം നയിക്കാൻ സാധ്യ മല്ല. അവന്നു കഴിയുമെന്നതിനാൽ നമുക്കു ദൈവത്തിനു നന്ദി ചെലുത്താം; അവൻ നമ്മോടു കൂടെ ഇരുന്നു നമ്മെ സഹായിക്കും. പുതിയ നിയമത്തിലെ വേദഭാഗങ്ങൾ ഓരോന്നും ഈ വലിയ സത്യത്തെ വെളിപ്പെടുത്തുന്നു:

(1) എബ്രായർ 2:18, യേശുവിനെക്കുറിച്ചു പറഞ്ഞു, പ്രഖ്യാപിക്കുന്നു: "പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ *കഴിവുള്ളവൻ* തന്നെ." (ഊന്നൽ എന്റേത്.)

(2) 2 തിമൊഥെയൊസ് 1:12-ൽ നാം വായിക്കുന്നു, "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ *ശക്തൻ* എന്നു ഉറച്ചുമിരിക്കുന്നു." (ഊന്നൽ എന്റേത്.)

(3) ഒരാൾ ദൈവത്തോടു വിശ്വസ്തനായിരുന്നിട്ടും വിമർശിക്കപ്പെ ടുമ്പോൾ, അവന് ഈ വാഗ്ദത്തം ഉണ്ട്: "അവനെ നില്ക്കുമാറാക്കു വാൻ *കർത്താവിന്നു കഴിയുമല്ലൊ*" (റോമർ 14:4; ഊന്നൽ എന്റേത്).

(4) "ദൈവത്തിനു കഴിയും" എന്ന സത്യം കാര്യവിചാരണ വിഷയ ത്തിലും ഫലപ്രദമാണ്. ഇന്നത്തെ സാമ്പത്തിക സമ്മർദ്ദങ്ങളുടെ വെളി ച്ചത്തിൽ, നാം ആയിരിക്കേണ്ട രീതിയിൽ എങ്ങനെ കാര്യവിചാരകന്മാ രാകാം? നമുക്കു സാധ്യമല്ല എന്നതാണ് നിസാരമായ ഉത്തരം. നമ്മളാൽ, നമുക്കു സാധ്യമല്ല. നമുക്ക് അതിനുള്ള കഴിവ് ഇല്ല; എന്നാൽ നമ്മുടെ ദൈവത്തിനു കഴിയും. നല്കുന്നതിനെക്കുറിച്ചു വിവരിക്കുന്ന രണ്ടു വലിയ അദ്ധ്യായങ്ങൾ 2 കൊരിന്ത്യർ 8 ഉം 9 ഉം ആണ്. നാം വായിക്കു ന്നതു:

> അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ; സങ്ക ടത്തോടെ അരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ *തൃപ്തിയുള്ളവരായി,* സകല സൽപ്രവൃത്തിയിലും പെരുകി വരു മാറു, നിങ്ങളിൽ സകല കൃപയിലും പെരുകുവാൻ *ദൈവം ശക്ത നാകുന്നു;* ... ഇങ്ങനെ ദൈവത്തിനു ഞങ്ങളാൽ സ്തോത്രം വരു വാൻ കാരണമായിരിക്കുന്ന ഔദാര്യം ഒക്കെയും കാത്തിരിക്കേ ണ്ടതിനു, നിങ്ങൾ സകലത്തിലും സമ്പന്നന്മാർ ആകും (2 കൊരിന്ത്യർ 9:7-11).

(5) അടുത്തത്, നാം അത്ഭുതകരമായ ഒരു വേദഭാഗത്തിലേക്കു വരുമ്പോൾ നമ്മുടെ മനസ്സ് പതറി പോകുന്നു: “എന്നാൽ നാം ചോദിക്കുന്നതിലും അത്യന്തംപരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ *കഴിയുന്നവനു,* സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ” (എഫെസ്യർ 3:20; ഊന്നൽ എന്റേത്). നമ്മുടെ കഴിവുകൾക്ക് പരിമിതിയുണ്ട്; എന്നാൽ ദൈവത്തിന്റെ കഴിവിനു പരിമിതിയില്ല!

## വിജയകരമായ ജീവിതം നയിക്കുന്നതിനു ദൈവത്തിന്റെ കഴിവ്

എബ്രായർ 7:25 ദൈവത്തിന്റെ രക്ഷിക്കുന്ന കഴിവിനെപ്പറ്റി സംസാരിക്കുന്നതു മുൻപു ഞാൻ പറഞ്ഞു. അവിടെ പറഞ്ഞിരിക്കുന്ന ചിന്ത മുഴുവനാക്കാൻ നമുക്ക് ആ വേദഭാഗത്തിലേക്കു മടങ്ങിവരാം: “അതുകൊണ്ടു, താൻ, *മുഖാന്തരമായി* ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ, *സദാജീവിക്കുന്നവൻ ആകയാൽ* അവരെ പൂർണ്ണമായി രക്ഷിപ്പാൻ *അവൻ പ്രാപ്തൻ ആകുന്നു.*” (ഊന്നൽ എന്റേത്.) നിങ്ങളെ പ്രശ്നങ്ങൾ ഞെരുക്കുമ്പോൾ, അടുത്ത മുറിയിൽ യേശു നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു കേൾക്കാം, നിങ്ങൾ എന്തു തന്നെ നേരിട്ടാലും അതു നിങ്ങൾക്കു സഹായകരമല്ലേ? യേശുവിന്റെ സാന്നിദ്ധ്യം സാഹചര്യത്തിനു മാറ്റം വരികയില്ലേ? അവൻ സ്വർഗ്ഗത്തിൽ നമുക്കു വേണ്ടി സദാ പക്ഷവാദം ചെയ്തുകൊണ്ടിരിക്കയാണ്. യൂദ 24 ലും, 25 ലും, നമുക്ക് ഈ വലിയ അനുഗ്രഹം ഉണ്ട്:

> വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ *നിറുത്തുവാൻ ശക്തിയുള്ളവന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം, നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിനു തന്നെ സർവ്വലോകത്തിനു മുമ്പും ഇപ്പോഴും, സദാകാലത്തോളവും തേജസ്സും, മഹിമയും, ബലവും അധികാരവും, ഉണ്ടാകുമാറാകട്ടെ. ആമേൻ.* (ഊന്നൽ എന്റേത്.)

ജഡത്തിൽ, നാം വിറെക്കുന്നു. ശരീരം തുടർച്ചയായി നശിച്ചുകൊണ്ടിരിക്കുന്നു എന്നു നമുക്ക് അറിയാം; കല്ലറയിലെക്കുള്ള നമ്മുടെ യാത്ര നിർത്തുവാൻ നമ്മുടെ കഴിവിനാൽ സാധ്യമല്ല; എന്നാൽ ദൈവത്തിനു നമ്മെ വിജയിക്കുവാൻ സഹായിപ്പാൻ പറ്റും. പൗലൊസ് എഴുതി,

> നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെ നിന്നു കർത്താവായ യേശുക്രിസ്തു, രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു; അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ *കഴിയുന്ന തന്റെ വ്യാപാര ശക്തി കൊണ്ട്* നമ്മുടെ താഴ്മയുള്ള ശരീരത്തെ, തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3:20, 21; ഊന്നൽ എന്റേത്).

ആ വേദഭാഗത്തിന്റെ അവസാനം, കെജെവിയിൽ “സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ *കഴിയുന്നവന്നു.*” (ഊന്നൽ എന്റേത്.)

ദൈവം നമ്മോടു കൂടെ ഉള്ളപ്പോൾ, നമുക്ക് നമ്മുടെ അല്ല അവന്റെ ശക്തിയിൽ ചാരുവാൻ കഴിയും. ദൈവസഹായത്താൽ, നമുക്ക് വിജയമുള്ള ജീവിതം നയിക്കാൻ കഴിയും!

### ***എങ്കിൽ*** **ദൈവത്തിനു ഇന്നും കഴിയും ...**

ദൈവത്തിനു കഴിയുന്ന എല്ലാം സ്വാഭാവികമായി ചെയ്യുകയില്ല എന്നു ചിന്താശേഷിയുള്ള ദൈവമക്കൾ എപ്പോഴും തിരിച്ചറിയും. അതുകൊണ്ട്, ദൈവത്തിനു കഴിയും, എന്ന പ്രസ്താവനയോട് “എങ്കിൽ” എന്ന വാക്ക് ചേർക്കുന്നു: “*എങ്കിൽ* ദൈവത്തിനു കഴിയും (അവൻ ചെയ്യുകയും ചെയ്യും) ... .”

### ദൈവേഷ്ടം അനുസരിച്ചാണെങ്കിൽ

ആദ്യം, *ദൈവേഷ്ടം അനുസരിച്ചാണ് എങ്കിൽ* ചെയ്യേണ്ടതിനു അവന്നു കഴിയും.

നമുക്കു നമ്മുടെ വേദഭാഗമായ ദാനിയേൽ 3 ലേക്കു മടങ്ങിവരാം. നാം 18-ാം വാക്യം പറഞ്ഞില്ല. “ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ തീച്ചൂളയിൽ നിന്നു വിടുവിപ്പാൻ കഴിയും” എന്നു പറഞ്ഞ ശേഷം (വാക്യം 17), ശദ്രക്, മേശക്, അബേദ് – നെഗോ പറഞ്ഞു, “*അല്ലെങ്കിലും*, ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കുകയുമില്ല, എന്നു അറിഞ്ഞാലും, എന്നു ഉത്തരം പറഞ്ഞു” (വാക്യം 18; ഊന്നൽ എന്റേത്). മറ്റൊരു വാക്കിൽ, അവർ പറഞ്ഞതു, “കർത്താവിന്റെ ഇഷ്ടം ഞങ്ങളെ വിടുവിക്കുക *അല്ല* എങ്കിലും, ഞങ്ങൾ അവനെ സ്നേഹിക്കയും സേവിക്കയും ചെയ്യും” എന്നാണ്. അവസാനം, അവരെ വിടുവിക്കുന്ന*തായിരുന്നു* ദൈവേഷ്ടം, എന്നാൽ അതിനു ഇല്ലായിരിക്കാം എന്നും അവർ തിരിച്ചറിഞ്ഞു – അതായിരുന്നു സംഭവിച്ചതെങ്കിലും, അവരെ സംബന്ധിച്ച് അതിൽ കുഴപ്പം ഇല്ലായിരുന്നു.

ദൈവത്തിനു ചെയ്യാൻ കഴിയുന്നതെല്ലാം ദൈവം ചെയ്യുകയില്ല എന്നതിന്റെ അമ്പരപ്പിക്കുന്ന ചിത്രീകരണം ക്രൂശ് ആണ്. എബ്രായർ 5:7-ൽ നാം വായിക്കുന്നത് യേശു ഗദ്സെമന തോട്ടത്തിൽ, “ക്രിസ്തു തന്നെ മരണത്തിൽ നിന്നു *വിടുവിപ്പാൻ കഴിയുന്നവനോടു* ഉറെച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും, ... .” (ഊന്നൽ എന്റേത്.) യേശുവിനെ മരണത്തിൽ നിന്നു വിടുവിപ്പാൻ ദൈവത്തിനു കഴിയുമായിരുന്നു, പക്ഷെ അവൻ അതു ചെയ്തില്ല. എന്തുകൊണ്ട്? കാരണം അതു ദൈവേഷ്ടമല്ല.[4]

ദൈവത്തിനു കഴിയും എന്നതിനെക്കുറിച്ചു, എപ്പോഴും തോട്ടത്തിലെ യേശുവിന്റെ മനോഭാവം നമുക്ക് ഉണ്ടായിരിക്കണം: “എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം” (ലൂക്കൊസ് 22:42; മത്തായി 26:39; 1 കൊരിന്ത്യർ 4:19; യാക്കൊബ് 4:15).

**നാം അവനെ അനുവദിക്കുന്നു എങ്കിൽ**

രണ്ട്, *നാം അവനെ അനുവദിക്കും എങ്കിൽ* ദൈവത്തിനു കഴിയും.

"നാം അവനെ അനുവദിക്കും എങ്കിൽ" എന്ന പ്രയോഗം അസാധാരണമായി തോന്നാം – എന്നാൽ നമുക്കു ദൈവത്തെ പരിമിതപ്പെടു ത്താം. അങ്ങനെയാണ് ദൈവം ലോകത്തെ ക്രമപ്പെടുത്തിയിരിക്കുന്നത്.

*അവിശ്വാസത്താൽ* നമുക്ക് അവനെ പരിമിതപ്പെടുത്താം. മത്തായി 9:28–30–ൽ, യേശു രണ്ടു കുരുടന്മാരോടു ചോദിച്ചു, "'ഇതു ചെയ്യുവാൻ *എനിക്കു കഴിയും* എന്നു വിശ്വസിക്കുന്നുവോ?' അതിനു അവർ, യേശുവിനോട് 'ഉവ്വ്, കർത്താവേ' എന്നു പറഞ്ഞു. പിന്നെ അവൻ അവരുടെ കണ്ണു തൊട്ടു, 'നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ' എന്നു, പറഞ്ഞു. ഉടനെ അവരുടെ കണ്ണു തുറന്നു." (ഊന്നൽ എന്റേത്.)

*അജ്ഞതയാൽ* നമുക്ക് അവനെ പരിമിതപ്പെടുത്താം. ദൈവത്തെ പ്രകടിപ്പിക്കുന്നതാണ് ദൈവവചനം, അതുകൊണ്ട് ദൈവത്തിനു കഴിയും എന്നതു വേദഭാഗത്തിൽ വായിക്കുമ്പോൾ അതിശയിക്കുന്നില്ല – നമ്മെ രക്ഷക്കു ജ്ഞാനിയാക്കുവാൻ കഴിയും (2 തിമൊഥെയൊസ് 3:15). നമ്മെ രക്ഷിക്കുവാനും (യാക്കൊബ് 1:21). എങ്ങനെയായാലും, നാം ആ വചനത്തെ അവഗണിക്കുകയാണെങ്കിൽ, അതു നമ്മുടെ ജീവിതത്തിൽ ഒരു ശക്തിയും ചെയ്യുകയില്ല.

*അനുസരണക്കേടിനാലും* നമുക്ക് അവനെ പരിമിതപ്പെടുത്താം. നേരെ മറിച്ച്, നമ്മുടെ ജീവിതം അവന്നു സമർപ്പിച്ചാൽ, അവനു നമ്മിൽ ശക്തികൊണ്ട് നിറക്കാൻ കഴിയും. സ്വപ്നം കണ്ടശേഷം നെബൂഖദ്നേസർ ദാനിയേലിനോടു പറഞ്ഞ ഒരു പ്രസ്താവന ഞാൻ ഓർക്കുന്നു: "... നെബുഖദ്നേസർ രാജാവായ ഞാൻ ഈ സ്വപ്നം കണ്ടു; എന്നാൽ ബേൽത്ത്ശസ്സരേ, എന്റെ രാജ്യത്തിലെ വിദ്വാന്മാർക്കു ആർക്കും അതിന്റെ അർത്ഥം അറിയിപ്പാൻ കഴിയായ്കകൊണ്ടു നീ അതിന്റെ അർത്ഥം അറിയിച്ചു തരേണം. വിശുദ്ധന്മാരുടെ ആത്മാവു നിന്നിൽ ഉള്ളതു കൊണ്ടു *നീ അതിനു പ്രാപ്തനാകുന്നു*" (ദാനിയേൽ 4:18; ഊന്നൽ എന്റേത്). നെബൂഖെദ്നേസറിനു സത്യ ദൈവത്തെക്കുറിച്ചു കൂടുതലൊന്നും അറിയില്ല, എന്നാൽ ഒരാളിൽ ദൈവത്തിന്റെ ആത്മാവ് ഉണ്ടെങ്കിൽ, അവനിൽ ശക്തിയുണ്ടെന്ന് അവൻ അറിഞ്ഞിരുന്നു. നിങ്ങളേയും എന്നേയും പോലെ ബലഹീനനായിരുന്ന വ്യക്തികളായിരുന്നു ബൈബിളിലെ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ചവരെല്ലാം – എന്നാൽ അവരിൽ ദൈവശക്തിയുണ്ടായിരുന്നു.

നമ്മുടെ സ്വന്തജീവിതത്തിലും ശക്തിയുണ്ടാക്കാൻ കഴിയും (എഫെസ്യർ 3:20) – അത്ഭുത ശക്തി അല്ല, എങ്കിലും യഥാർത്ഥ ശക്തിയാണ്. നമുക്ക് ആ ശക്തി ആവശ്യമാണ് ദൈവത്തിനു നമ്മെകൂടാതെ ചെയ്യാൻ കഴിയു; നമുക്കു അവനെ കൂടാതെ ചെയ്യാൻ സാധ്യമല്ല!

**ഉപസംഹാരം**

നിങ്ങൾ ദൈവത്തിനു പ്രത്യേകതയുള്ളവരാണ്; നിങ്ങൾ അതു തിരിച്ചറിയുന്നുവോ? കഴിഞ്ഞ ദിവസം ഒരാൾ രസകരമായ ഒരു കാര്യം ഞാൻ

മുമ്പൊരിക്കലും ശ്രദ്ധിക്കാത്ത കാര്യം, ചൂണ്ടിക്കാണിക്കയുണ്ടായി. മത്തായി 10:29, 31 പറയുന്നു, "കാശിനു രണ്ടു കുരികിൽ വില്ക്കുന്നില്ലയോ? അവയിൽ ഒന്നു പോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്തു വീഴുകയില്ല"; "ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലൊ." *രണ്ടു* കുരികിലുകൾ ഒരു കാശിനു വില്ക്കുന്നു. "കാശ്" എന്നത് ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തതു സൂചിപ്പിക്കുന്നതു, വില കുറഞ്ഞ ചെമ്പുനാണയമാണ്.

ഇനി ലൂക്കൊസ് 12:6, 7 നോക്കുക: "രണ്ടു കാശിനു അഞ്ചു കുരികിലിനെ വില്ക്കുന്നില്ലയോ? അവയിൽ ഒന്നിനെപ്പോലും ദൈവം മറന്നു പോകുന്നില്ല. നിങ്ങളുടെ തലയിലെ മുടിപോലും എല്ലാം എണ്ണിയിരിക്കുന്നു, ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരികിലിനെക്കാളും നിങ്ങൾ വിശേഷതയുള്ളവർ *അഞ്ചു* കുരികിലിനെ രണ്ടുകാശിന്നു വില്ക്കുന്നു." രണ്ടു കുരികിലിന്റെ വില ഒരു കാശാണെങ്കിൽ, നാല് കുരികിലിന്റെ വില രണ്ടു കാശാണ്. ലൂക്കൊസ് 12, എങ്ങനെയായാലും, പറയുന്നതു *അഞ്ചു* കുരികിൽ രണ്ടു കാശിന്നു വില്ക്കുന്നു എന്നാണ്. അപ്പോൾ ഒരു കുരികിൽ "അധികം" വരുന്നതോ? അതൊരുപക്ഷെ വിലപേശി സൗജന്യമായി നല്കിയതാകാം. അതു വിലയില്ലാത്തതായി! എങ്കിലും, അതിനേയും ദൈവം കരുതി!

വിലയില്ലാത്ത ഒരു കുരികിലിനെപോലും ദൈവം കരുതുന്നു എങ്കിൽ, നിങ്ങൾ അവൻ എത്ര അധികം കരുതും! പ്രാപ്തനായ ദൈവത്തിൽ ആശ്രയിക്കുക!

ദൈവത്തിനു കഴിയും എന്നതിനെക്കുറിച്ച് രണ്ട് അവസാന വേദഭാഗങ്ങൾ അവസാനിപ്പിക്കുന്നതിനുമുൻപു, ഞാൻ തരുവാൻ ആഗ്രഹിക്കുന്നു - കൂടാതെ ചില നല്ലവിശേഷങ്ങളും മോശമായ വിശേഷങ്ങളും. നല്ലവിശേഷം എന്തെന്നാൽ ദൈവത്തിനു രക്ഷിപ്പാൻ കഴിയും എന്നതാണ്; മോശമായ വിശേഷം എന്തെന്നാൽ ദൈവത്തിനു നശിപ്പിപ്പാനും കഴിയും എന്നതാണ്. മത്തായി 10:28-ൽ താൻ അയച്ചവരോട് യേശു, "ദേഹിയെ കൊല്ലുവാൻ, കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട; ദേഹിയെയും ദേഹത്തെയും നശിപ്പിപ്പാൻ *കഴിയുന്നവനെത്തന്നെ* ഭയപ്പെടുവിൻ." (ഊന്നൽ എന്റേത്.) യാക്കോബ് 4:12 പറയുന്നു, "ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനേയുള്ളു, രക്ഷിപ്പാനും നശിപ്പിപ്പാനും *ശക്തനായവൻ* തന്നെ." (ഊന്നൽ എന്റേത്.)

നിങ്ങൾക്ക് കർത്താവു, രക്ഷിക്കുന്ന ദൈവമായിട്ടാണോ അല്ലെങ്കിൽ നശിപ്പിക്കുന്ന ദൈവമായിട്ടാണോ ഉള്ളത്? അതു നിങ്ങളെ ബാധിക്കുന്ന കാര്യമാണ്. നിങ്ങൾ നിങ്ങളുടെ ജീവിതത്തെ അവന്നു സമർപ്പിക്കയാണെങ്കിൽ, ഇന്നു തന്നെ അങ്ങനെ ചെയ്യുക!

---

കുറിപ്പുകൾ

[1]ഏതാണ്ട് 40,000 പേർ വസിക്കുന്ന, ടെക്സാസിലെ, ഒരു ചെറിയ പ്രദേ

ശമാണ്, കൗണ്ടിയിലെ ജോൺസണിൽ സ്ഥിതി ചെയ്യുന്ന ക്ലെബൻ, ടെക്സാസ്. [2]വിവിധ തർജ്ജിമകൾ നല്കുന്നതു വ്യത്യസ്ത പ്രയോഗങ്ങൾ ആയതു കൊണ്ട്, ഇതു ബുദ്ധിമുട്ടാണ്. എങ്ങനെയായാലും, പ്രയോജനമുള്ള വേദഭാഗങ്ങൾ എല്ലാം ഒന്നുകിൽ പുസ്തകഭാഗത്തോ അല്ലെങ്കിൽ കുറിപ്പുകളിലോ ചേർക്കാൻ, ഞാൻ ശ്രമിക്കും. [3]ഈ കഥ വേണമെങ്കിൽ വിപുലപ്പെടുത്താം. തീർച്ചയായും, ദൈവം, അബ്രഹാമിനെ യാഗം പൂർത്തിയാക്കാൻ അനുവദിച്ചില്ല. പകരം, യാഗം കഴിക്കുവാൻ ഒരു ആട്ടിൻകുട്ടിയെ നല്കി. [4]എങ്ങനെയായാലും, ശ്രദ്ധിക്കുക, എബ്രായർ 5:7 പറയുന്നു യേശുവിന്റെ പ്രാർത്ഥന കേൾക്കുകയും മറുപടി – മറ്റൊരു വിധത്തിൽ ലഭിക്കയും ചെയ്തു.

© 2009 Truth for Today